പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 295 | 10.12.2012 ൽ മറുപടിക്ക്

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ

,, എ. റ്റി.ജോർജ്

,, വി.പി. സജീന്ദ്രൻ

,, പി. സി. വിഷ്ണുനാഥ്

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമാക്കുന്നതിന് എടുത്തിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) കേഡറ്റുകളുടെ പരിശീലന പരിപാടി ഏകോപിപ്പിച്ചു നടപ്പിലാക്കുന്നതിനായി പദ്ധതിയുടെ ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വാർഷിക ആക്ടിവിറ്റി കലണ്ടർ പ്രകാരമാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഓരോ സ്കൂളിലും രണ്ട് അദ്ധ്യാപകരെ കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാരായും സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ നിന്നും രണ്ട് പോലീസ് ഉദ്യോഗസ്ഥരെ ഡ്രിൽ ഇൻസ്ട്രക്ടർമാരായും നിയമിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. 19 പോലീസ് ജില്ലകളിലും പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതിനായി ഡി.വൈ.എസ്.പി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥരുടെ ഒരു യോഗം എല്ലാ മാസവും സ്റ്റേറ്റ് നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. മൂന്നു മാസത്തിലൊരിക്കൽ സംസ്ഥാന ഉപദേശക സമിതി യോഗം ചേർന്ന് പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വിശകലനം ചെയ്യുകയും ചെയ്തു വരുന്നുണ്ട്.

| | |
|---|---|
| (ബി) വിദ്യാർത്ഥികളുടെ നേതൃത്വ കർമ്മ ശേഷിയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് എസ്.പി.സി.വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; | (ബി) കായിക ക്ഷമതവർദ്ധിപ്പിക്കുന്നതിന് പരേഡ്, യോഗ, കളരി എന്നിവയുടെ പരിശീലനവും, കായിക പരിശീലനവും, ക്രോസ് കൺട്രി, റോഡ് വാക് ആന്റ് റൺ എവന്നിവയും നടത്തി വരുന്നുണ്ട്. വിവിധ ശാസ്ത്ര സാമൂഹിക സാങ്കേതിക വിഷയങ്ങളിലെ പ്രഗൽഭരുടെ ക്ലാസുകൾ കേഡറ്റുകൾക്ക് നൽകി വരുന്നുണ്ട്. ഭരണം, നീതിന്യായം, സാമൂഹ്യക്ഷേമം എന്നിവ നടത്തുന്ന സ്ഥാപനങ്ങൾ സന്ദർശിക്കുവാൻ വേണ്ട അവസരങ്ങൾ സൃഷ്ടിച്ചുവരുന്നുണ്ട്. ഓരോ വർഷവും രണ്ട് അവധിക്കാല ക്യാമ്പുകളും ഒരു പ്രകൃതി പഠനയാത്രയും ജില്ലാതല സമ്മർക്യാമ്പും നടത്തി വരുന്നുണ്ട്. ഓരോ എസ്.പി.സി സ്കൂളിൽ നിന്നും തെരഞ്ഞെടുത്ത മികച്ച കേഡറ്റുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സംസ്ഥാനതല സമ്മർക്യാംപും നടത്തിവരുന്നുണ്ട്. വർഷം തോറും ക്വിസ് മത്സരം നടത്തി വരുന്നുണ്ട്. കേഡറ്റുകൾക്ക് റോഡ് സുരക്ഷ, ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം, പ്രൃതി സംരക്ഷണം, നിയമ വ്യവസ്ഥ അവബോധം തുടങ്ങിയ വിവധ സാമൂഹ്യ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പ്രായോഗിക പരിശീലനവും നൽകി വരുന്നുണ്ട്. |
| (സി) പൊതുമേഖലാ സ്ഥാപനങ്ങളെയും തദ്ദേശഭരണ സ്ഥാപനങ്ങളേയും ഈ പദ്ധതിക്കുവേണ്ടി പ്രയോജനപ്പെടുത്തുമോ; | (സി) ഗ്രാമപഞ്ചായത്ത്, നഗരസഭ എന്നിവക്ക് തനത് ഫണ്ടിൽ നിന്നും ഒരു വർഷം 50,000/- രൂപ പദ്ധതിക്ക് ധനസഹായം നൽകാൻ അനുവാദം നൽകിയിട്ടുണ്ട്. |
| (ഡി) എന്തെല്ലാം പ്രോത്സാഹനങ്ങളാണ് വിദ്യാഭ്യാസ രംഗത്തും പോലീസ് സേന തെരഞ്ഞെടുപ്പിലും ഇവർക്ക് ലഭിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) രണ്ടുവർഷത്തെ പരിശീലന പരിപാടി വിജയകരമായി പൂർത്തീകരിക്കുന്ന കേഡറ്റുകൾക്ക് എസ്.എസ്.എൽസി./പ്ലസ് ടു/വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എൻ.സി.സി.ക്ക് തുല്യമായി ഗ്രേസ് മാർക്ക് |

അനുവദിച്ചിട്ടുണ്ട്. കേഡറ്റുകൾക്ക് യൂണിഫോം സർവ്വീസിലേക്കുള്ള നിയമനത്തിൽ വെയിറ്റേജ് മാർക്ക് നൽകുന്ന കാര്യം പരിഗണിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ